# പുനർ ലേലം/ടെണ്ടർ പരസ്യം

കൊച്ചിൻ ദേവസ്വം ബോർഡ് തിരുവില്വാമല അസിസ്റ്റന്റ് കമ്മീഷ്ണറുടെ ഓഫീസിൽ നിന്നും പരസ്യപ്പെടുത്തുന്നത് എന്തെന്നാൽ.

തിരുവില്വാമല ഗ്രൂപ്പിൽപ്പെട്ട വെങ്ങാനെല്ലൂർ ദേവസ്വം കീഴേടം പനംകുന്നത്ത്കാവ് ക്ഷേത്രത്തിലെ വീണു കിടക്കുന്ന 1 തേക്ക് മരവും, അപകടാവസ്ഥയിലുള്ള 3 തേക്കുമരവും കൂടി ആകെ 4 തേക്കുമരങ്ങൾ കൊണ്ടുപോകുന്നതിനുള്ള അവകാശം 2025-ാം മാണ്ട് നവംബർ മാസം 22-ാം തിയതി ഉച്ചക്ക് 3 മണിക്ക് വടക്കാഞ്ചേരിയിലുള്ള തിരുവില്വാമല അസിസ്റ്റന്റ് കമ്മീഷ്ണർ ഓഫീസിൽ വച്ച് ലേലം/ടെണ്ടർ ചെയ്യുന്നതിന് തീരുമാനിച്ചിരിക്കുന്നു. ലേലത്തിൽ പങ്കെടുക്കുവാൻ ലേലത്തിന് അരമണിക്കൂർ മുൻപ് നിരതദ്രവ്യമായി 5000/-ക ദേവസ്വത്തിൽ കെട്ടിവെക്കേണ്ടതാണ്. ടെണ്ടറുകൾ പരസ്യം പ്രസദ്ധീകരിച്ച തിയതി മുതൽ 2025 നവംബർ 22 -ാം തിയ്യതി ഉച്ചക്ക് 3 മണിക്ക് മുൻപായി തിരുവില്വാമല അസിസ്റ്റന്റ് കമ്മീഷ്ണർ ഓഫീസിൽ സ്ഥാപിച്ചിട്ടുള്ള ടെണ്ടർ ബോക്സിൽ നിക്ഷേപിക്കാവുന്നതാണ്. സീൽ ചെയ്ത ടെണ്ടർ കവറിൽ **"തേക്ക് ലേലം പനംകുന്നത്ത്കാവ് ക്ഷേത്രം"** എന്ന് വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്. 2025 നവംബർ മാസം 21 -ാം തിയ്യതി വൈകീട്ട് 5 മണി വരെ തപാൽ മാർഗ്ഗം ലഭിക്കുന്ന ടെണ്ടറുകളും സ്വീകരിക്കുന്നതാണ്. ടെണ്ടറിനോടൊപ്പം 5000/-കയുടെ അസിസ്റ്റന്റ് കമ്മീഷ്ണർ, തിരുവില്വാമല ഗ്രൂപ്പ്, കൊച്ചിൻ ദേവസ്വം ബോർഡ് എന്ന പേരിൽ എടുത്ത DD നിരതദ്രവ്യമായി അടക്കം ചെയ്യേണ്ടതാണ്. ലേലം 3 മണിക്ക് വാക്ക് വിളിച്ച് ഉറപ്പിക്കുന്നതിനും, അതിനു ശേഷം ടെണ്ടറുകൾ തുറക്കുന്നതും ലേലമോ/ടെണ്ടറോ ഏതാണ് കൂടുതലെങ്കിൽ ആ വ്യക്തിയുടെ പേരിൽ ലേലം/ടെണ്ടർ ഉറപ്പിക്കുന്നതുമാണ്. ലേലം കൊണ്ട ആൾ ലേലത്തിനു പുറമേ വരുന്ന എല്ലാ നികുതികളും (18% GST & 5% FDT ) അടക്കാൻ ബാദ്ധ്യസ്ഥനാണ്. ലേലം ഏറ്റെടുത്ത വ്യക്തി ദേവസ്വത്തിന്റേതല്ലാത്ത കാരണത്താൽ ലേലം വേണ്ടെന്നുവക്കുന്ന പക്ഷം നിരതദ്രവ്യം സംഖ്യ തിരികെ നൽകുന്നതല്ല. ലേലം ഉറപ്പിച്ചു ബഹു:ബോർഡിന്റെ അംഗീകാരം ലഭിച്ച് ലേല സംഖ്യ പിരിവു വരുത്തുന്നതുവരെ കൂടുതൽ സംഖ്യക്ക് ലേലം കൊണ്ട/ടെണ്ടർ വെച്ച വ്യക്തികളുടേയും, രണ്ടാമത് കൂടുതൽ സംഖ്യക്ക് ലേലം കൊണ്ട/ടെണ്ടർ വെച്ച വ്യക്തികളുടേയും നിരതദ്രവ്യങ്ങൾ നൽകുന്നതല്ല. ലേലമുതൽ ലേലം/ടെണ്ടർ ബഹു:ബോർഡിൽ നിന്നും അംഗീകാരം ലഭിച്ച് പത്ത് ദിവസത്തിനകം നീക്കം ചെയ്യേണ്ടതും, ക്ഷേത്രത്തിലെ മറ്റു മുതലുകൾക്ക് നാശനഷ്ടങ്ങൾ ഒന്നുമുണ്ടാകാതെ മരങ്ങൾ കൊണ്ടുപോകേണ്ടതുമാണ്. ലേലക്കാരന്റെ അശ്രദ്ധ മൂലമോ മറ്റു കഷ്ടനഷ്ടങ്ങൾ ഉണ്ടാകുന്ന പക്ഷം ആയതിന് ലേലക്കാരൻ പരിപൂർണ്ണ ഉത്തരവാദിയും നിയമ നടപടികൾക്ക് വിധേയനുമാണ്.

ഈ ലേലത്തെപ്പറ്റി കൂടുതൽ അറിയുവാൻ ആഗ്രഹിക്കുന്നവർ വടക്കാഞ്ചേരി തിരുവില്വാമല അസിസ്റ്റന്റ് കമ്മീഷ്ണർ ഓഫീസിലോ, വെങ്ങാനെല്ലൂർ ദേവസ്വം ഓഫീസിലോ പ്രവർത്തി സമയത്ത് അന്വേഷിച്ചാൽ അറിയാവുന്നതാണ്. ഈ ലേലം ഗുണകരമല്ലെന്ന് കണ്ടാൽ മാറ്റി വെക്കുന്നതിനോ, മറ്റു ഉചിതമായ നടപടികൾ സ്വീകരിക്കുന്നതിനോ താഴെ ഒപ്പിടുന്ന ആൾക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.

17/11/25

അസിസ്റ്റന്റ് കമ്മീഷ്ണർ
തിരുവില്വാമൽ ഗ്രൂപ്പ്

ദേവസ്വം അസിസ്റ്റന്റ് കമ്മീഷ്ണർ ഓഫീസ്
തിരുവില്വാമല ഗ്രൂപ്പ്, വടക്കാഞ്ചേരി - 680 582
തിയ്യതി :